**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 790** **30-01-2024 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പിൽ സഹകരണ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിന്റെ വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്. കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 112 ന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ)ന്റെ 31-08-2019 തീയതിയിലെ സി.ആർ.പി.381/19 നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതും അന്വേഷണം പൂർത്തിയാക്കി 19/10/2020-ൽ റിപ്പോർട്ട് സമർപ്പിച്ചുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾ നടന്നുവെന്ന് ബോദ്ധ്യപ്പെട്ടതിനാൽ ബാങ്ക് ഭരണ സമിതിയെ തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ 22-07-2021 തീയതിയിലെ JRGTSR/5721/2020-CRP1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സഹകരണ നിയമം വകുപ്പ് 32 (1) പ്രകാരം തൽസ്ഥാനത്തു നിന്നു നീക്കം ചെയ്ത് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിട്ടുള്ളതും, ബാങ്കിന് വന്നിട്ടുള്ള നഷ്ടം ഈടാക്കുന്നതിന് സഹകരണ നിയമം വകുപ്പ് 68 (1) പ്രകാരം അന്വേഷണം നടത്തുന്നതിന് ഉത്തരവിടുകയും അന്വേഷണം പൂർത്തിയാക്കി 30-09-2021-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ 29-12-2022 തീയതിയിലെ JRGTSR/5721/2020-CRP1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം വകുപ്പ് 68 (2) പ്രകാരം സർച്ചാർജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും, ടി സർച്ചാർജ് ഉത്തരവിനെതിരെ ബന്ധപ്പെട്ട കക്ഷികൾ അപ്പീൽ സമർപ്പിക്കുകയും ആയതിൽ ഹിയറിംഗ് നടപടികൾ പൂർത്തിയായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |
| (ബി) | സഹകരണ വകുപ്പ് നടത്തിയ അന്വേഷണത്തിൽ | (ബി) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ |

| | | | |
|---|---|---|---|
| | ഭരണപക്ഷ പാർട്ടിക്ക് പ്രസ്തുത ബാങ്കിൽ നിരവധി അക്കൗണ്ടുകൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | | നിയമാവലി വ്യവസ്ഥ 56 പ്രകാരം അംഗങ്ങളിൽ നിന്നും, അംഗങ്ങൾ അല്ലാത്തവരിൽ നിന്നും, നിക്ഷേപങ്ങൾ സ്വീകരിക്കാവുന്നതാണ്. ആയതു പ്രകാരം എ ക്ലാസ്സ് അംഗത്വമില്ലാത്ത വ്യക്തികൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവർക്ക് നിക്ഷേപ അക്കൗണ്ടുകൾ ഉണ്ട്. |
| (സി) | കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പിൽ സഹകരണ വകുപ്പ് നടത്തിയ അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കാമോ? | (സി) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ സഹകരണ വകുപ്പ് നടത്തിയ സഹകരണ നിയമം വകുപ്പ് 65, വകുപ്പ് 68 (1) പ്രകാരമുള്ള അന്വേഷണങ്ങളിലെ പ്രധാന കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.<br><br>1. പ്രവർത്തന പരിധിക്ക് പുറത്തുള്ളവർക്ക് വ്യാജ മേൽവിലാസത്തിൽ അംഗത്വം നൽകുകയും, അവർക്ക് തെറ്റായ രീതിയിൽ വായ്പകൾ അനുവദിക്കുകയും ചെയ്തത്.<br><br>2. നിക്ഷേപങ്ങൾക്ക് അധിക നിരക്കിൽ പലിശ നൽകിയത്.<br><br>3. നടപടിക്രമങ്ങൾ പാലിക്കാതെയും, മതിയായ ഈടില്ലാതെയും വായ്പകൾ അനുവദിച്ച് ബാങ്കിന്റെ പണം നഷ്ടപ്പെടുത്തിയത്.<br><br>4. പ്രതിമാസ നിക്ഷേപ പദ്ധതി ഇടപാടിൽ നടപടിക്രമങ്ങൾ പാലിക്കാതെയും, മതിയായ ഈടില്ലാതെയും തെറ്റായ രീതിയിൽ പണം അനുവദിച്ച് ബാങ്കിന് നഷ്ടം വരുത്തിയത്.<br><br>5. വ്യാപാര ഇടപാടുകളിൽ കൃത്യമായ കണക്കുകൾ സൂക്ഷിക്കാതെ സ്റ്റോക്കിൽ തിരിമറി നടത്തിയത്. |

സെക്ഷൻ ഓഫീസർ